➪ *നമ്മുടെ മതത്തിനുള്ളിലുള്ളത്ര ജൈവവൈവിധ്യം ഈ പൊട്ടക്കാട്ടിനുള്ളിലുണ്ടോഡാ* ➪

# ജാഗ്രത! സ്നേഹം തലയ്ക്കുമുകളിൽ റാകിപ്പറക്കുന്നു!

കത്തോലിക്ക പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി മതം മാറ്റുന്നതിനായി കേരളത്തിൽ ലൗ ജിഹാദ് പ്രവർത്തിക്കുന്നുണ്ടെന്നും മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുന്ന നയം സർക്കാർ അവസാനിപ്പിക്കണമെന്നും രണ്ട് മാസം മുമ്പ് ഇടുക്കി ബിഷപ്പ് മാത്യു ആനിക്കുഴിക്കാട്ടിൽ പ്രസംഗിച്ചിരുന്നു. കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പ് സമയത്തും ക്രൈസ്തവ സമൂഹത്തെ തകർക്കാൻ ലൗജിഹാദ് നടക്കുന്നുണ്ടെന്ന് ബിഷപ്പ് പറഞ്ഞിരുന്നു. അപകടകരമായ ഈ പ്രസ്താവനയുടെ ഉള്ളിലിരിപ്പുകൾ ബിഷപ്പിന്റെ വീക്ഷണപ്പകർപ്പിലൂടെ തുറന്നുകാട്ടുന്നു.

**എസ്. നാരായണൻ**

**എന്നതാ** ഇപ്പം ഒണ്ടായേ.... എല്ലാർക്കും കൂടെ ഇങ്ങനെയിട്ട് ഒലത്താൻ മാത്രം ഞാൻ എന്തു തെറ്റാ ചെയ്തെ? ക്രിമിനൽ ചട്ടപ്രകാരം ഇടുക്കി ബിഷപ്പിനെതിരെ കേസെടുക്കണം എന്നു പറയാൻ മാത്രം എന്തുവാ സംഭവിച്ചെ? ഞാൻ പറഞ്ഞത് ഒള്ളതാന്നേ... നിഷ്പക്ഷമായി ഒന്ന് ചിന്തിച്ചേച്ച് പറ, ഞാൻ പറഞ്ഞത് സത്യാണോ അതോ കളവാണോന്ന്. സത്യം സത്യമായിട്ട് പറയണം എന്നല്ലിയോ യേശു കർത്താവ് വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നേ... വേദപുസ്തകമൊക്കെ പഠിച്ചേച്ചു തന്നെയാഡാ കുവ്വേ ഉടുപ്പും ഇട്ടോണ്ട് ഈ പണിക്കിറങ്ങിയിരിക്കുന്നെ. നീ വീട്ടീച്ചെന്ന് ഒന്ന് പകുത്ത് നോക്ക്... 'സത്യം സത്യമായിട്ട് ഞാൻ നിന്നോട് പറയുന്നു' എന്ന് നിനക്കതിൽ വായിക്കാം. ഇത്രയും അർത്ഥസമ്പുഷ്ടമായ ഒരു വാചകം ഈ ഭൂമി മലയാളത്തിലുണ്ടോ? എഡാ കുവ്വേ, സത്യം സത്യമല്ലാതെയും പറയാമെന്നാ അതിന്റെ അർത്ഥം. എന്നെ അതിന് കിട്ടത്തില്ല. സത്യം നുണയായിട്ടു പറയാൻ ഈ ആനിക്കുഴിക്കാട്ടിലച്ചൻ വേറെ വല്ല കുഴീലും ജനിക്കണം.

മിശ്രവിവാഹം ക്രൈസ്തവ മത വിശ്വാസത്തിന് എതിരാണെന്നും അതുകൊണ്ട് മിശ്രവിവാഹത്തെ ക്രിസ്ത്യാനികൾ എതിർത്ത് തോല്പിക്കണമെന്നും ഞാൻ പറഞ്ഞതു തന്നെയാഡാ... എന്നാ അതിലൊരു കൊഴപ്പം? അത് ശരിയല്ലാന്ന് നിനക്ക് പറയാൻ ഒക്കുവോ? നമ്മുടെ മതത്തിന് എന്തെങ്കിലും കൊഴപ്പം വരുമ്പോ നമ്മള് തന്നെ വായ തൊറന്ന് പറയണം. അല്ലാണ്ട് ലോകത്തിന്റെ മൊത്തം കാര്യം നമ്മള് നോക്കേണ്ട ആവശ്യമില്ല. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് പുറത്തു വന്നപ്പോ, ചോരപ്പുഴ ഒഴുകുമെന്നും ജാലിയൻ വാലാബാഗ്- നക്സൽ ബാരി മോഡൽ ആക്രമണം നടത്തുമെന്നും താമരശ്ശേരി മെത്രാൻ നല്ല അന്തഃസ്സായിട്ടു പറഞ്ഞില്ലേ... പശ്ചിമഘട്ടത്തീന്നുള്ള ഓക്സിജൻ ലോകത്തിനു മുഴുവൻ അവകാശപ്പെട്ടതാന്നു പറഞ്ഞാ നടക്കണ കാര്യോം വല്ലോമാണോ? പിന്നെ, ജൈവ വൈവിധ്യം. നമ്മുടെ മതത്തിനുള്ളിലുള്ളത്ര ജൈവവൈവിധ്യം ഈ പൊട്ടക്കാട്ടിനുള്ളിലുണ്ടോഡാ.... ഒരു പുരോഹിതൻ എന്ന നിലയിൽ സഭാമക്കളുടെ ഭാവി എനിയ്ക്ക് പ്രധാനം തന്നെയാ... അതില് വെള്ളം ചേർക്കാനൊന്നും എന്നെ കിട്ടത്തില്ല. നമ്മുടെ സഭേല് പെട്ട പെമ്പിള്ളേരെ ഈഴവരിലും മുസ്ലീംകളിലും പെട്ട കണ്ട ഓട്ടോറിക്ഷക്കാരും കൂലിത്തൊഴിലാളികളും കണ്ണും കൈയ്യും കാണിച്ച് വളച്ചെടുത്ത്



ബിഷപ്പ് മാത്യു ആനിക്കുഴിക്കാട്ടിൽ

വിവാഹോം കഴിച്ച് ജീവിക്കണതിന്റെ പിന്നിൽ മറ്റു മതങ്ങളുടെ ആസൂത്രിത നീക്കമുണ്ടെന്ന് ഞാൻ പ്രസംഗിച്ചത് ഇട്ടിരിക്കുന്ന ഈ വസ്ത്രത്തോട് കൂറുള്ളതോണ്ടാന്ന് കൂട്ടിക്കോ.... ഓട്ടോറിക്ഷക്കാര് അവന്റെ നെലയും വെലയും നോക്കി നമ്മടെ സഭേലുള്ള ഓട്ടോറിക്ഷക്കാരുടെ പെമ്പിള്ളാരെയാ പ്രേമിക്കുന്നതെങ്കി പിന്നേം കൊഴപ്പമില്ലായിരുന്നു. നല്ല സമ്പത്തുള്ള കുടുംബത്തിൽ കേറിയേച്ചല്ലേ ഇവന്റെയൊക്കെ സ്നേഹോം പ്രേമോം മണ്ണാങ്കട്ടേം... ഇങ്ങനെ കല്യാണം കഴിച്ച് ജീവിക്കണ ഇവളുമാര് പെറുന്ന പിള്ളേര് പള്ളീലോട്ട് വരുവോ? ഇല്ലല്ലോ.. അപ്പ അതാ കാര്യം. ഇങ്ങനെ പോയാ നമ്മടെ ഇവടത്തെ ജനസംഖ്യ എവിടെയെത്തും? ലോകം മുഴുവൻ ക്രിസ്ത്യാനികളാകുകാന്നുള്ള നമ്മടെ സ്വപ്നം വല്ലോം നടക്കുവോ? നീയൊന്നാലോചിച്ചു നോക്കിയേ, ലോകം മുഴുവൻ ക്രിസ്ത്യാനികൾ! എന്തൊരു ഭംഗിയുള്ള ലോകമായിരിക്കും.. വള്ളീം കുറ്റിച്ചെടീം ആകാശം മുട്ടുന്ന മരങ്ങളും  കുന്നും കുഴീം പാറേം വെള്ളച്ചാട്ടോം മൃഗങ്ങളും ഒക്കെയായി അലമ്പായി കെടക്കണ കാടുപോലെയല്ല, നല്ല രസികൻ മരുഭൂമിപോലെ നെരപ്പായി കെടക്കണ സ്ഥലം, വരിവരിയായി റബ്ബറ് നില്ക്കണപോലേള്ള ലോകം. അതുങ്ങള് ഇങ്ങനെ പാല് ചൊരത്തിക്കൊണ്ടിരിക്ക്യാ... നമ്മള് ഇങ്ങനെ ഊറ്റിക്കൊണ്ടിരിക്ക്യാ... കാണുന്നോര് മുഴുവൻ ഈശോമിശിഹായ്ക്ക് സ്തുതീന്നു പറഞ്ഞോണ്ടിരിക്ക്യാ... ഹൊ! എന്നാ സുന്ദരലോകം....

ഓട്ടോറിക്ഷക്കാരെന്നും കൂലിത്തൊഴിലാളികളെന്നും പറഞ്ഞത് ദൈവദോഷമാണെന്നും മർദ്ദിത ജനതയ്ക്കെതിരെയുള്ള നീക്കമാണെന്നുമാണ് ചില ലവൻമാരുടെ കണ്ടുപിടുത്തം. ഇതിലെന്തോന്ന് ദൈവദോഷം? ഞാൻ ഓട്ടോ റിക്ഷക്കാരെന്നല്ലേ പറഞ്ഞത്? അല്ലാതെ ആശാരിപ്പണിക്കാരൻ എന്നോ ആശാരിച്ചെക്കൻ എന്നോ ഒന്നുമല്ലല്ലോ പറഞ്ഞത്? അങ്ങനെ ഞാൻ പ്രസംഗിച്ചെങ്കിൽ അത് തെറ്റന്നെയാ... ആശാരിപ്പണിക്കാരന്റെ മകനായിപ്പിറന്ന കർത്താവിനെ നിന്ദിക്കാനാണ് അങ്ങനെ പറഞ്ഞതെന്ന് ആരെങ്കിലും  ചൂണ്ടിക്കാണിച്ചാൽ അത് എനിയ്ക്ക് മനസ്സിലാകും. അങ്ങിനെ എന്റെ വായിൽ നിന്ന് വന്നിട്ടുണ്ടെങ്കിൽ അത് ദൈവദോഷം തന്നെയാ... ഇതങ്ങിനെയൊന്നും ഉണ്ടായിട്ടില്ലല്ലോ?  പിന്നെ വെറുതേ.....

സ്നേഹത്തെ ഊട്ടിയുറപ്പിക്കാനാണ് ക്രിസ്തു ഭൂമിയിൽ വന്നു പിറന്നതെന്നും ചെറുപ്പക്കാർ സ്നേഹത്തിലൂടെ എല്ലാ തടസ്സങ്ങളേയും മറികടന്ന്  ഒന്നിക്കുന്നതിനെ എതിർക്കുന്നത് ക്രിസ്തുവിനെ എതിർക്കുന്നതിന് തുല്യമാണെന്നും കുറേപ്പേർ പറഞ്ഞു നടക്കുന്നുണ്ട്. വിഡ്ഢിത്തം. വിഡ്ഢിത്തമാണത്. യേശു സ്നേഹത്തെക്കുറിച്ച് ഉദ്ഘോഷിച്ച് നടന്ന കാലത്ത് മൂപ്പിലാന് എന്തോന്നാ സ്വന്തമായിട്ട് ഒണ്ടായിരുന്നെ? പുൽക്കൂട്ടിൽ പിറന്നു വീണയാൾക്ക് സ്വത്തും പണോം വല്ലോമുണ്ടായിരുന്നോ? ഇനി സ്വന്തായിട്ട് പത്ത് കാശ് സമ്പാദിക്കേണ്ട പ്രായത്തില് മീൻ പിടുത്തക്കാരേം വേശ്യകളേം രോഗികളേം അടിമകളേം ഉദ്ധരിക്കാനാണെന്നും പറഞ്ഞ് കാലം വെറുതേ പാഴാക്കി. വേണ്ട, പത്ത് കട റബ്ബറെങ്കിലും വെക്കാൻ തോന്നിയോ? അതുമില്ല. അപ്പൊ കർത്താവിന് അങ്ങിനെ സ്നേഹം സ്നേഹംന്നൊക്കെ വിളിച്ചു കൂവി നടക്കാം. ഒന്നും നഷ്ടപ്പെടാനില്ലല്ലോ. ഒന്നും നഷ്ടപ്പെടാനില്ലാത്ത കുറേ കവികൾക്കും സിൽമാക്കാർക്കും പറ്റിയ പണിയാണ് സ്നേഹം സ്നേഹംന്നും പറഞ്ഞ് കൂവി നടക്കുന്നത്. എഡാ, ഈ സ്നേഹം എന്നു പറയുന്നത് ഏഴകൾക്കും  എരപ്പാളികൾക്കും പറഞ്ഞു നടക്കാനുള്ള ഒരു സാധനമാണ്. മടിയിൽ കനമുള്ളവൻ മിണ്ടാൻ പാടില്ലാത്ത വാക്കാ അത്. നമ്മുടെ കാര്യം നമ്മ നോക്കണ്ടേ? പുൽക്കൂട്ടിൽ ജനിച്ച ഏഴകൾ സംസാരിക്കുന്ന പോലെ അരമനയിൽ ജനിച്ചവർ സംസാരിക്കണമെന്ന് പറയരുത്. തെങ്ങിനും കവുങ്ങിനും ഒരേ തളപ്പ് ഇടരുത്. ക്രിസ്തുമതം ഉണ്ടാക്കാത്ത ക്രിസ്തുവിന് മതത്തിൽ ആളുകുറയുമെന്ന പേടിയെന്തിന്? അതുപോലെയാണോ മതം മാത്രം കൈമുതലായുള്ള നമ്മടെ കാര്യം?

ഏത്? കവിതയോ? 'സ്നേഹമാണഖില സാരമൂഴിയിൽ' ന്നോ... ഒന്നു പോഡാ കൂവേ... സ്നേഹമാണഖിലനാശമൂഴിയിൽ ന്നാ എന്റെ പക്ഷം. ന്താ? ക്രിസ്തുവും പറഞ്ഞിട്ടുണ്ടെന്നോ. നീയതും പറഞ്ഞ് ഇവിടെ നിന്നോ. എഡാ, ക്രിസ്തു രണ്ടായിരം കൊല്ലം മുൻപു പറഞ്ഞതിനെയൊക്കെ കാലത്തിനനുസരിച്ച് വ്യാഖ്യാനിക്കാനും സഭാമക്കളെ നയിക്കാനുമാണ് ഞങ്ങളെപ്പോലെയുള്ളവർ ഇവിടെയുള്ളത്. വിഷം ചീറ്റരുതെന്നോ? ചീറ്റുമെഡാ... ക്രിസ്തു പറഞ്ഞ വല്ല കുന്തോം

നിനക്കറിയാമോ? ഞാൻ പറഞ്ഞു തരാം. ശ്രദ്ധിച്ചു കേട്ടോ. ആവിടുന്ന് മൊഴിഞ്ഞു. “ഞാൻ നിങ്ങളെ അയക്കുന്നു. ചെന്നായ്ക്കൾക്കിടയിലെ ചെമ്മരിയാടുകളേപ്പോലെയാണ് നിങ്ങൾ. അതിനാൽ നിങ്ങൾ പാമ്പുകളേപ്പോലെ വിവേകശാലികളായിരിക്കുക. എന്നാൽ പ്രാവുകളേപ്പോലെ നിഷ്കളങ്കരായിരിക്കുക”. ഇതീന്ന് നിനക്ക് വല്ല കുന്തോം മനസ്സിലായോ? പ്രാവുകളേപ്പോലെ നിഷ്കളങ്കരായിരിക്കാൻ പറഞ്ഞത് സഭാ വിശ്വാസികളായ നിന്നെപ്പോലെയുള്ള കുഞ്ഞാടുകളോടാണ്. പാമ്പുകളേപ്പോലെയാകാൻ പറഞ്ഞത് കുഞ്ഞാടുകളെ നിയന്ത്രിക്കുന്ന എന്നെപ്പെലെയുള്ള പുരോഹിതരോടാണ്. പാമ്പാവുമ്പോ കൊറച്ചു വെഷമൊക്കെയുണ്ടാകും. അത് ചീറ്റണ്ടപ്പോൾ ചീറ്റുകയും ചെയ്യും. പാമ്പിന്റെ വിവേകം എന്നു പറയുന്നത് ആവശ്യം വരുമ്പോൾ വിഷം ചീറ്റുകാന്നുള്ളതാ... അത് ദൈവവചനമാണ്. വിഷം ചീറ്റാനുള്ള വിവേകം പുരോഹിതവർഗ്ഗത്തിന് ജന്മസിദ്ധമാണെഡാ.

‘നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ’ എന്ന് ക്രിസ്തു പറഞ്ഞതിന്റെ കാലികമായ അർത്ഥം ‘ഈഴവനേയും മുസ്ലീമിനേയുമൊക്കെ സ്നേഹിച്ച് ക്രിസ്ത്യാനിയാക്കുവിൻ’ എന്നാണെന്ന് എത്രപേർക്കറിയാം? ‘കീടങ്ങളും തുരുമ്പും നശിപ്പിക്കുകയും കള്ളൻമാർ കയറി മോഷ്ടിക്കുകയും ചെയ്യുന്ന ഭൂമിയിൽ നിങ്ങൾ നിക്ഷേപം സംഭരിച്ചു വയ്ക്കരുത്. സ്വർഗ്ഗത്തിൽ നിക്ഷേപം സംഭരിക്കുവിൻ’ എന്നതിന് എന്താണർത്ഥം? നിങ്ങൾ സമ്പത്ത് പള്ളിമേടകളിലും അരമനകളിലും, ഭരിക്കുന്നവരെ മുള്ളിൻമേൽ നിർത്തി നേടിയെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മെഡിക്കൽ കോളേജുകളിലും സംഭരിക്കുവിൻ എന്നാണ് ശരിയായ അർത്ഥം. അതിന് തുരുമ്പൊന്നും വരത്തില്ല. കീടങ്ങളും വരത്തില്ല. അങ്ങനെ നിങ്ങളുടെ ജീവിതം സ്വർഗ്ഗത്തേപ്പോലുള്ളതാക്കുവിൻ എന്നാണ് കർത്താവ് പറയുന്നത്. കീടങ്ങളും തുരുമ്പും ബാധിക്കാതെ സൂക്ഷിക്കുന്ന സ്വത്ത് വല്ല മുസ്ലീംകളിലും ഈഴവരിലും പെട്ട വണ്ടിപ്പണിക്കാരോ കൂലിത്തൊഴിലാളികളോ വന്ന് സ്നേഹത്തിന്റെ പേരിലാന്നും പറഞ്ഞ് അടിച്ചുമാറ്റിയാൽ സഹിക്കുവോ? കർത്താവിന്റെ വചനപ്രകാരമാണ് ഞങ്ങൾ ധനത്തെ സേവിക്കുന്നത്. കാരണം, ‘നിങ്ങൾക്ക് ദൈവത്തേയും ധനത്തേയും ഒന്നിച്ച് സേവിക്കാൻ സാധ്യമല്ല’ എന്ന് മൂപ്പിലാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഏതെങ്കിലും ഒന്നിനെയേ സ്നേഹിക്കാൻ പറ്റത്തൊള്ളൂ. എങ്കിൽ പിന്നെ ധനം തന്നെയാകട്ടേന്നു വെച്ചു. എന്നതാ പറഞ്ഞെ? സ്നേഹോ? ദൈവത്തിന് എന്നാത്തിനാടാ നമ്മടെ സ്നേഹം? “ലില്ലിച്ചെടികൾ എങ്ങിനെ വളരുന്നുവെന്ന് ചിന്തിക്കുവിൻ! അവ അദ്ധ്വാനിക്കുന്നില്ല. നൂൽക്കുന്നുമില്ല” എന്ന വചനമനുസരിച്ചാണ് എന്നെപ്പോലുള്ളവരുടെ ഇന്നോളമുള്ള ജീവിതം. അദ്ധ്വാനിക്കലും നൂൽക്കലും ഓട്ടോറിക്ഷക്കാരും കൂലിത്തൊഴിലാളികളും ചെയ്തുകൊള്ളും. ‘വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്’ (Do not give dogs what is sacred) എന്ന് കർത്താവ് വ്യക്തമായി പറഞ്ഞിരിക്കെ എങ്ങിനെ നമ്മുടെ കുട്ടികളെ ഇവൻമാർക്ക് വിവാഹം കഴിച്ചുകൊടുക്കും? നമ്മടെ വേദേശം ക്ലാസ്സില് വരണ പെമ്പിള്ളേർക്ക് കൃത്യായിട്ട് കാര്യങ്ങള് പറഞ്ഞു കൊടുക്കണം. കുമ്പസാരക്കൂട്ടിൽ വരണ കേസുകളൊക്കെ ഞാൻ അറ്റൻഡ് ചെയ്തോളാം. ചെറുപ്രായത്തിൽ വരണ ഒരുതരം വ്യാധിയാ ഈ പ്രേമം എന്നു പറയുന്നത്. ഒരു തരം ആധി.... ഒക്കെ വെറും തോന്നലുകളുമാ.... അതീന്നു പൊറത്തുകടക്കുകാന്നുള്ളത് ഇച്ചിരെ പ്രയാസമാ.... എല്ലാ പെമ്പിള്ളേരേം നമ്മള് നടത്തണ സ്കൂളിലും കോളേജിലും പഠിപ്പിക്കാൻ ഒക്കത്തില്ല. അവിടെ വരുന്നവര് ചാടിപ്പോകാതിരിയ്ക്കാൻ നമ്മള് ജയിലിനേക്കാൾ ഉയരത്തിൽ മതിലുകെട്ടിയിട്ടുണ്ട്. ഇതുകൊണ്ടൊക്കെയാ പറയുന്നെ നമ്മുടെ പിള്ളാരെ നമ്മുടെ സ്ഥാപനങ്ങളില് തന്നെ പഠിപ്പിക്കണമെന്ന്. ഈ പ്രേമംന്ന് പറേന്ന സാധനം കണ്ണും മൂക്കുമില്ലാത്ത സാത്താനാണെന്ന് അതുങ്ങളെ കൊച്ചിലേ പഠിപ്പിക്കണം. സ്നേഹംന്നും പറഞ്ഞ് വരണ ആമ്പിള്ളേരെ കാണുമ്പം മുഖം തിരിച്ച് നടക്കണം. ‘സാത്താനേ ദൂരെപ്പോ..... സാത്താനേ ദൂരെപ്പോ......’ എന്ന് പ്രാർത്ഥിക്കാൻ പറയണം. അപ്പൊപ്പിന്നെ ഒരുത്തനും അടുത്തുവരുകേല... പെമ്പിള്ളേര് പ്രാർത്ഥിച്ചോണ്ട് നിന്നാ വരുന്നവൻമാർക്ക് സ്നേഹോം പ്രേമോം മാതിരീള്ള ദുഷ്ടവിചാരങ്ങള് തോന്നുകേല. അവന്മാര് കൊറച്ചുനേരം നിന്നേച്ച് കൊണ്ടുവന്ന റോസാപ്പൂവും എടുത്തോണ്ട് അങ്ങ് വിട്ടുപൊക്കോളും.

കൊറേ സാംസ്ക്കാരികക്കാര് നാട്ടിലെറങ്ങീട്ടുണ്ട്. അവൻമാര് പകല് മുഴോൻ സഞ്ചീം തൂക്കി നടന്ന് രാത്രി ഒമ്പതു മണിയാവുമ്പോ ഏതെങ്കിലും ചാനലിന്റെ ഉള്ളില് കേറി ഒറ്റയിരുപ്പാ. എന്നാ പറയാനാ, പിന്നെ ക്രിസ്തു അതു പറഞ്ഞു ക്രിസ്തു ഇതു പറഞ്ഞു എന്നും പറഞ്ഞോണ്ട് നമ്മക്ക് നേരെ ഒരു വരവാ. ഇവന്മാരെയൊക്കെ എന്നാ ചെയ്യാനാ? ക്രിസ്തു പറച്ചിലുകാരനാണെങ്കി ന


മ്മള് പ്രവർത്തിക്കുന്നോരാ. പറയണപോലെ പ്രവർത്തിക്കാൻ പറ്റുവോ? അങ്ങനെ എവിടേങ്കിലും കേട്ടിട്ടുണ്ടോ? ഇവൻമാർക്ക് അതിന്റെ ഗുട്ടൻസ് അറിഞ്ഞൂടാ... ക്രിസ്തൂന്റെ ജീവിതത്തീന്നു നമ്മക്ക് കിട്ടണ പാഠം എന്നതാ? വായികൊള്ളാത്തത് പറഞ്ഞ് നടന്നാ അധികാരികള് പിടിച്ച് കുരിശിൽ കിടത്തി ആണിയടിക്കും... അതന്നെ... ഇവന്മാർ പറയണ കുരിശിന്റെ വഴി ജീവൻ പോണ കേസാ. അതൊക്കെ ഇക്കാലത്ത് പ്രായോഗികാണോ? കുരിശിന്റെ വഴീന്ന് പറഞ്ഞാ, പണിയൊക്കെ കഴിഞ്ഞ്, വെയിലൊക്കെ പോയി വൈകുന്നേരാവുമ്പോ കൊറേ മെഴുകുതിരി കത്തിച്ച് റോട്ടീക്കൂടെ ഏതെങ്കിലും കവല വരെ കൊറേയങ്ങോട്ട് നടക്കാ... പിന്നെ തിരിച്ച് ഇങ്ങോട്ട് നടക്കാ... അതന്നെ കുരിശിന്റെ വഴി. അങ്ങന്യാവുമ്പം ജീവൻ പോണ കേസൊന്നും വരുകേല.

> ഈ ഹൃദയംന്ന് പറേന്നത് രക്തം പമ്പുചെയ്യുന്ന ഒരു പമ്പ്സെറ്റാ. അത് കേടുവന്നാ വേറൊന്ന് മാറ്റിവെക്കണേന്ന് എന്നതാ രു കൊഴപ്പം? ആശുപത്രീന്ന് വിടുമ്പം ഇച്ചിരെ മാമോദീസാ വെള്ളം ഒന്നു തെളിച്ചേക്കണം. ഹൃദയം ഹൃദയത്തിന്റെ പണി ചെയ്താ നമ്മക്കൊരു പരാതീം ഇല്ല. രക്തം പമ്പ് ചെയ്യുകാന്നൊള്ളതാ ഹൃദയത്തിന്റെ പണി. അത് ചെയ്യണേന്റൊപ്പം പറയാത്ത പണി ചെയ്താ, അതായത് ഹൃദയം കേറീ സ്നേഹിക്കാൻ തൊടങ്ങിയാ, ങ്ഹാ, അപ്പോ സഭേടെ ഭാവം മാറും.

എഡാ കുഞ്ഞാടേ, നിന്റെ ഈ നിൽപ്പിൽ ഒരു കള്ളലക്ഷണമുണ്ടല്ലോ... ഞാനൊന്നും അറിയില്ലെന്ന് നീ കരുതിയോ? ഈയിടെ നടന്ന ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെക്കുറിച്ചുള്ള പോസ്റ്റ് ഫേസ്ബുക്കിൽ ഷെയർ ചെയ്തേച്ചല്ലേഡാ നീ ഇവിടെ വന്ന് നിൽക്കുന്നേ... മാത്യു എന്നൊരാൾക്ക് നീലകണ്ഠ ശർമ്മ എന്നൊരാളുടെ ഹൃദയം മാറ്റിവച്ചതുമായി ബന്ധപ്പെട്ടു സഹകരിച്ച ഒരാളും ജാതിയോ മതമോ വിഷയമാക്കിയില്ല എന്നല്ലേ അതിൽ പറയുന്നത്. മിശ്രവിവാഹം പാടില്ലെന്ന് പറയുന്ന അച്ചൻ, അച്ചന്റെ പേരു തന്നെയുള്ള ഒരാൾ വേറൊരു മതക്കാരന്റെ ഹൃദയം സ്വീകരിച്ചതിനെപ്പറ്റി എന്തുപറയും എന്നല്ലേ നിന്റെ മനസ്സില്? അതിലൊക്കെ എനിക്ക് കൃത്യമായ നിലപാടുണ്ടെഡാ... അന്യമതക്കാരന്റെ ഹൃദയം സ്വീകരിച്ചൂന്ന് കരുതി മതത്തീന്ന് പൊറത്തൊന്നും പോകേണ്ടി വരത്തില്ല. എഡാ, അതൊരു ഉപകരണമല്ലേ? വെള്ളമടിക്കുന്ന മോട്ടോറ് പോലെ ഒരു സാധാനം, ഒരു പമ്പ്സെറ്റ്... ഈ ഹൃദയംന്ന് പറേന്നത് രക്തം പമ്പുചെയ്യുന്ന ഒരു പമ്പ്സെറ്റാ. അത് കേടുവന്നാ വേറൊന്ന് മാറ്റിവെക്കണേന് എന്നതാ ഒരു കൊഴപ്പം? ആശുപത്രീന്ന് വിടുമ്പം ഇച്ചിരെ മാമോദീസാ വെള്ളം ഒന്നു തെളിച്ചേക്കണം. ഹൃദയം ഹൃദയത്തിന്റെ പണി ചെയ്താ നമ്മക്കൊരു പരാതീം ഇല്ല. രക്തം പമ്പ് ചെയ്യുകാന്നൊള്ളതാ ഹൃദയത്തിന്റെ പണി. അത് ചെയ്യണേന്റൊപ്പം പറയാത്ത പണി ചെയ്താ, അതായത് ഹൃദയം കേറീ സ്നേഹിക്കാൻ തൊടങ്ങിയാ, ങ്ഹാ, അപ്പോ സഭേടെ ഭാവം മാറും. രക്തം പമ്പു ചെയ്യണപോലെ സ്നേഹം പമ്പുചെയ്യുന്നത് പ്രകൃതി വിരുദ്ധാ... അത് സഭയ്ക്കും വിരുദ്ധാ...

ഇന്നലെ കാറീ പോവുമ്പം ഒരു കവലേൽ നിന്ന് ഒരുത്തൻ പ്രസംഗിക്കണ കേട്ടു. ഇടുക്കീലെ ബിഷപ്പിന്റെ കുടുംബപ്പേരില് തന്നെ ക്രിസ്തുവിനെ തറച്ച ആണിയുണ്ടെന്ന്. ഇവനോടൊക്കെ എന്നാ പറയാനാ... ഇംഗ്ലീഷിൽ വായിച്ചപ്പം ഇവൻ ആണിക്കുഴിക്കാട്ടിൽന്ന് വായിച്ചുകാണും. ഇവനെയൊക്കെ മലയാളം പഠിപ്പിക്കേണ്ട പണികൂടി നമ്മള് ചെയ്യണോ? ഇതിലും വലിയ അഹമ്മദിയല്ലേ മുമ്പ് ക്രിസ്തുവിന്റെ ആറാം തിരുമുറിവ് നിരോധിക്കണംന്ന് പറഞ്ഞോൻ തൃശൂരിലെ മ്മടെ ബിഷപ്പ് ജോസഫ് കുണ്ടുകുളത്തോട് കാണിച്ചത്. അന്ന് സുകുമാർ അഴീക്കോട്ന്ന് പറേണ ഒരുത്തൻ പറഞ്ഞു, ക്രിസ്തു കടലാണെങ്കിൽ തൃശൂരിലെ ബിഷപ്പ് വെറും പൊട്ടക്കുളമോ കുണ്ടൻകുളമോ ആണെന്ന്. മ്മടെ കുണ്ടുകുളം തിരുമേനീനെ വെറും കുണ്ടൻകൊളംന്ന്. ഇമ്മാതിരി പൊട്ടത്തരം പറയണോരെ സാംസ്ക്കാരിക നായകൻന്ന് വിളിക്കാനും ഇവിടെ ആളൊണ്ട്. ക്രിസ്തു കടലാണെന്ന് ഇവൻമാർക്ക് എങ്ങിന്യാ മനസ്സിലാവണത്? ക്രിസ്തു കടലിന്റെ മീതേക്കൂടി നടന്നതും കടലിൽ മീൻ പിടിക്കുന്നവരോട് സംസാരിച്ചതുമൊക്കെയാ അച്ചനാവാൻ ചെന്ന എന്നെവരെ പഠിപ്പിച്ചിട്ടുള്ളത്. ക്രിസ്തു കടലാണെന്ന് എവിടെയാണാവോ എഴുതിയിരിക്കുന്നെ.... ഞാനിതുവരെ എവിടേം കണ്ടിട്ടില്ല. ക്രിസ്തു കടലാണെന്ന് പറഞ്ഞതിന്റെ അർത്ഥം എനിക്ക് ഇതേവരെ പിടികിട്ടീട്ടില്ല. ഈ സാഹിത്യഭാഷ നമുക്കൊന്നും മനസ്സിലാകുകേല. ഇനി, ക്രിസ്തു കടന്നലാ

*➩ എനിക്കിപ്പോൾ തോന്നുന്നത് യഥാർത്ഥത്തിൽ നിരോധിക്കേണ്ടത് ബൈബിൾ ആണെന്നാണ് ➩*



ണെന്നോ മറ്റോ ആണോ പറഞ്ഞത്. ആ... ആർക്കറിയാം. ആ പ്രസംഗക്കാരൻ മരിച്ചുപോയത് നന്നായി. അല്ലെങ്കി, ഏതോ ചെളിക്കുഴീന്നോ ചുടലക്കാട്ടീന്നോ എഴുന്നേറ്റു വന്നയാളാണ് ഇടുക്കിയിലെ ബിഷപ്പ് ആനിക്കുഴിക്കാട്ടിൽന്ന് നടന്ന് പ്രസംഗിച്ചേനെ....

അതെ, 'ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്' എന്ന് വിശുദ്ധപുസ്തകത്തിലുണ്ട്. അതു തന്നെയാ ഞാനും ഇത്രയും നേരം പറഞ്ഞോണ്ടിരിക്കുന്നത്. യോജിപ്പിക്കാനായിട്ട് ദൈവത്തിന് അവസരം കൊടുക്കരുതെന്നാ പറയുന്നത്. 'ഈ ചെറിയവരിൽ ഒരാളെപ്പോലും നിന്ദിക്കാതിരിക്കാൻ സൂക്ഷിക്കുക' എന്ന് ബൈബിളിൽ ഞാനും വായിച്ചിട്ടുണ്ട്. ഈ ഓട്ടോറിക്ഷക്കോരോ കൂലിപ്പണിക്കാരോ ചെറിയവരാണോ? ഞാൻ കണ്ടിട്ടുള്ള എല്ലാറ്റിനും അഞ്ചടിയിലധികം പൊക്കമുണ്ട്. നീ വെറുതെ മാർപാപ്പയെ വേദേശം പഠിപ്പിക്കാൻ നോക്കാതെ...ഹ...ഹ...ഹ...

നീ എന്നതാ ഈ പറേന്നത്? 'മുള്ളുകളിൽ നിന്ന് മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽ നിന്ന് അത്തിപ്പഴവും പറിക്കാനാവില്ലെ'ന്നല്ലെ. മുസ്ലീംകളിൽ നിന്നും ഈഴവരിൽ നിന്നും ക്രിസ്ത്യാനികളെ ഒണ്ടാക്കാൻ പറ്റില്ലെന്നല്ലേ ഞാനും പറഞ്ഞത്. 'വേദജ്ഞരെ സൂക്ഷിച്ചു കൊള്ളുക. അവർ നീണ്ട അങ്കി ധരിച്ചുകൊണ്ട് നടക്കാനും ചന്തസ്ഥലങ്ങളിൽ അഭിവാദനം നേടാനും പള്ളികളിൽ പ്രധാന ഇരിപ്പിടങ്ങളും വുരുന്നുകളിൽ മുഖ്യസ്ഥാനങ്ങളും കരസ്ഥമാക്കാനും ആഗ്രഹിക്കുന്നു.' ഹ.....ഹ...ഹ... നിന്റെ ഉദ്ധരണി കൊള്ളാം. അത് പക്ഷേ എന്നെ പറ്റിയല്ല. വേദജ്ഞരെ പറ്റിയാണ്. ഞാൻ വേദ അജ്ഞനാണ്.... ഹ...ഹ...ഹ... 'നീ ഒരു വിരുന്നു നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, അന്ധർ എന്നിവരെ ക്ഷണിക്കുക. എന്നാൽ നീ അനുഗ്രഹിക്കപ്പെടും'. ഓഹോ... അത് വിരുന്നു നടത്തുന്നവരോട് പോയി പറ. ഞാൻ വിരുന്നു നടത്താറില്ല. വിരുന്നുകളിൽ പങ്കെടുക്കാറേയുള്ളൂ.

എനിക്കിപ്പോൾ തോന്നുന്നത് യഥാർത്ഥത്തിൽ നിരോധിക്കേണ്ടത് ബൈബിൾ ആണെന്നാണ്. നിന്നെ പ്പോലുള്ളവരുടെ കൈകളിൽ ഇതെത്തുന്നതുകൊണ്ടാണ് അതും ഉദ്ധരിച്ച് എന്നെ ചോദ്യം ചെയ്യുന്നത്. ഇത് അച്ചന്മാരുടേം കന്യാസ്ത്രീകളുടേം പിന്നെ നമ്മക്ക് വിശ്വസിക്കാൻ കൊള്ളാവുന്ന ഏതാനും കുഞ്ഞാടുകളുടേം കൈയ്യിലേക്കേ പോകാവൂ..... കർത്താവാണെങ്കീ അന്തോം കുന്തോം നോക്കാതെ വായീത്തോന്നീതൊക്കെ വിളിച്ചു പറഞ്ഞിട്ടുമുണ്ട്. എന്റീശോയേ, ഈ ബൈബിളിനകത്ത് സ്നേഹംന്നും പ്രേമംന്നും വിനയംന്നും എളീമാന്നും ക്ഷമാന്നും സഹനംന്നും എന്തോരം സ്ഥലത്താ എഴുതി നിറച്ചിരിക്കുന്നേ... ഇതൊക്കെ ഏതെങ്കിലും അടച്ചിട്ട മുറീലിരുന്ന് വായിച്ചേച്ച് അവിടെത്തന്നെ ഇട്ടേച്ച് പോരാനേ പറ്റത്തൊള്ളൂ. പിന്നെ, സ്റ്റേജിലൊക്കെ നിന്ന് മൈക്കീക്കൂടെ പ്രസംഗിക്കുമ്പോ രണ്ടുവാചകം ബൈബിളീന്ന് കാച്ചുമ്പം ഒരിമ്പം തന്നെയാ. പുണ്യാളന്മാരുടെ പ്രതിമേണ്ടാക്കാനോ ലക്ഷങ്ങളെ അണിനിരത്തി ബോൺനത്താലെ നടത്താനോ പഴേ പള്ളേല്യാള് പൊളിച്ച് കോടികൾ ചെലവഴിച്ച് പുത്യേ പള്ളേല്യാള് പണിയാനോ ഒന്നും ഈ കുന്ത്രാണ്ട പുസ്തകത്തില് മഷി ഇട്ട് നോക്ക്യാലും കാണില്ല. നമ്മക്കാച്ചാ വശംള്ളത് അതൊക്ക്യാ. 'പത്രോസേ, നീ പാറയാകുന്നു' എന്നൊക്കെ വായിക്കുമ്പം ഉള്ളില് ചിരിപൊട്ടും. ഈ കർത്താവിന്റെ ഒരു കാര്യം. പാറയൊക്കെ പൊളിച്ചുകൊണ്ട് വന്ന് പള്ളേല്യാള് പുതുക്കിപ്പണിത കാര്യം കർത്താവറിഞ്ഞിട്ടില്ല. നീ എന്നതാ പറേണത്? നീ എന്നാ വേണേൽ ചെയ്യ്...

നിനക്കൊക്കെ എന്നോട് വിരോധം തോന്നുന്നത് ഞാൻ രാഷ്ട്രീക്കാർ പറയുന്നതുപോലെ പറയാത്തതുകൊണ്ടാ... രാഷ്ട്രീയക്കാരൻ നിനക്ക് ഇഷ്ടമുള്ളത് പറയുകയും അതിന് വിപരീതമായത് പ്രവർത്തിക്കുകയും ചെയ്യും. അവൻ മതേതരത്തം പ്രസംഗിക്കുകയും സ്ഥാനാർത്ഥിയെ നിർത്തുമ്പോൾ മതവും ജാതിയും നോക്കി നിർത്തുകയും തലയിൽ മുണ്ടിട്ട് മതനേതാക്കളെ കാണുകയും

ചെയ്യും അത്തരം പ്രവൃത്തികൾ ഞങ്ങളെപ്പെലുള്ള പുരോഹിതരിൽ നിന്ന് പ്രതീക്ഷിക്കരുത്. ഞങ്ങൾ പറയുന്നതാണ് പ്രവർത്തിക്കുക. ഞങ്ങൾക്ക് നേരിന്റെ വഴിയേ അറിയൂ. അതുകൊണ്ടാണ് മിശ്രവിവാഹം ക്രൈസ്തവ ജീവിതത്തിന്റെ ശൈലിയും തനിമയും നഷ്ടപ്പെടുത്തുന്നതാണെന്നും മിശ്രവിവാഹത്തെ ക്രിസ്ത്യാനികൾ എതിർത്തു തോൽപ്പിക്കണമെന്നും പൊതുവേദിയിൽ പറഞ്ഞത്. അത് സത്യം സത്യമായിട്ട് പറഞ്ഞതാണ്. 'നിങ്ങളുടെ ഉവ്വ് എന്നാൽ ഉവ്വ് എന്നും , ഇല്ല എന്നാൽ ഇല്ല എന്നും അർത്ഥമായിരിക്കട്ടെ' എന്ന് കർത്താവ് തന്നെ പറഞ്ഞിട്ടുണ്ട്. ചില കാര്യങ്ങളിൽ കർത്താവിന്റെ വാക്കുകൾ അച്ചട്ടാ.... ദാ, കണ്ടില്ലെ, ഞാൻ പറഞ്ഞതിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് സാക്ഷാൽ പൗവ്വത്തിൽ ബിഷപ്പ് തിരുമേനിതന്നെ രംഗത്തിറങ്ങിയത് കണ്ടില്ലേ? മിശ്രവിവാഹത്തിന്റെ കാര്യത്തിൽ എനിക്ക് അവസാനമായിട്ട് പറയാനുള്ളത് എന്താണെന്നോ? ജാഗ്രതയോടെയിരിക്കുവിൻ കുഞ്ഞാടുകളെ, നിങ്ങളെ റാഞ്ചിയെടുക്കാൻ വേണ്ടി സ്നേഹം എന്ന അധമവികാരം നിങ്ങളുടെ തലയ്ക്കുമുകളിൽ റാകിപ്പറക്കുന്നു. അശ്രീകരം എന്നുതന്നെ പറയാവുന്ന അത് മതത്തേയോ ജാതിയേയോ സാമ്പത്തിക സ്ഥിതിയേയോ എന്തിന് രാഷ്ട്രീയ വിശ്വാസത്തെത്തന്നെയോ പരിഗണിക്കുന്നില്ല എന്നതുകൊണ്ടാണ് അത് അപകടങ്ങളിൽവച്ച് ഏറ്റവും വലിയ അപകടമാകുന്നത്. ലോകത്തുണ്ടായിട്ടുള്ള മിക്കവാറും സാഹിത്യ സൃഷ്ടികളും കലാസൃഷ്ടികളും ഒക്കെത്തന്നെ അതുണ്ടാക്കുന്ന അപകടത്തെപ്പറ്റി നമുക്ക് മുന്നറിയിപ്പുതരുന്നുണ്ട്. ഒറ്റവായനയിൽ സ്നേഹത്തെ പ്രഘോഷിക്കുകയാണ് എന്ന് തോന്നുമെങ്കിലും ആഴത്തിൽ ചിന്തിച്ചാൽ അതുണ്ടാക്കുന്ന ദുരന്തങ്ങളാണ് കൂടുതലും എന്നുകാണാവുന്നതാണ്. സ്ത്രീധന സമ്പ്രദായത്തെയോ, മദ്യപാനാസക്തിയേയോ റബ്ബറിന്റെ പട്ടമരപ്പിനേയോ നേരിടാൻ വേണ്ടിയല്ല സമയം കളയേണ്ടത്. സ്നേഹം നിങ്ങളുടെ രക്തത്തേയും മാംസത്തേയും ഭക്ഷിച്ച് നിങ്ങളുടെ തോലുമാത്രമെ അവശേഷിപ്പിക്കൂ. ആട്ടിൻതോലാണെങ്കിൽ അരമനകളിൽ ആവശ്യത്തിൽക്കൂടുതൽ സ്റ്റോക്ക് ആയിക്കഴിഞ്ഞു. മനുഷ്യൻ ഭക്ഷണത്തിന്റെ കാര്യത്തിലാണ് മിശ്രഭുക്ക്. അത് വിവാഹത്തിലോട്ടൊന്നും കൊണ്ടുവരേണ്ട ഒരു കാര്യോമില്ല. മിശ്രവിവാഹവും മിശ്രഭോജനവുമൊക്കെ കുലം നശിപ്പിക്കുന്ന ഏർപ്പാടുകളാ. ഇതിനോടൊക്കെ ആഭിമുഖ്യമുണ്ടായിരുന്ന ശ്രീ നാരായണഗുരുവിന്റെ കാര്യം ഒന്നോർത്തുനോക്ക്. ആ പ്രസ്ഥാനത്തിന്റെ തലപ്പത്ത് ഇപ്പം ആരാ കേറിയിരിക്കുന്നേ? അതുകൊണ്ടാ പറയുന്നേ അവനവൻ പറയേണ്ടത് പറഞ്ഞില്ലേല്, ഇരിക്കേണ്ടിടത്ത് ഇരുന്നില്ലേല് മറ്റവൻ....ആ...അതുതന്നെ... കേറി ഇരിക്കുമെന്ന്. ഞാൻ ഒന്നുകൂടി വ്യക്തമാക്കാം, കർത്താവിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഒരാൾ എന്ന നിലയിൽ, സഭാമക്കളുടെ ഉത്ക്കർഷത്തിൽ അതീവ താത്പര്യമുള്ള ഒരാൾ എന്ന നിലയിൽ ഈ എളിയവൻ കർത്താവിന്റെ വചനത്തെ തന്നെ കൂട്ടുപിടിക്കുന്നു. സർവ്വശക്തനായ അവിടുന്ന് എന്റെ ഈ ആശയത്തെ ഇങ്ങിനെ അരുളി ചെയ്തിരിക്കുന്നു. "ജാഗ്രത പാലിക്കുവിൻ, ഞാൻ നിങ്ങളെ സകലവും മുൻകൂട്ടി അറിയിച്ചിരിക്കുന്നു." (So be on your guard; I have told you everything ahead of time).

**വാൽക്കഷ്ണം**

മനുഷ്യർ അലസമായി സംസാരിക്കുന്ന ഓരോ വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരുമെന്ന് ഞാൻ നിങ്ങളോടു പറയുന്നു.

വായിൽ നിന്നും വരുന്ന കാര്യങ്ങൾ ഹൃദയത്തിൽ നിന്നു പുറപ്പെടുന്നവയാകുന്നു. അവയത്രെ ഒരുവനെ അശുദ്ധനാക്കുന്നത്.

*(വി. ബൈബിൾ).* ■


## കേരളീയം ഉള്ളടക്കം:
### പുനർവിഭാവനവും പുനർനിർമ്മാണവും

കേരളീയത്തിന്റെ ഉള്ളടക്കം നിലവിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ മറികടന്നുകൊണ്ട്, കേരളീയം വിഭാവനം ചെയ്യുന്ന സമാന്തര മാധ്യമപ്രവർത്തനത്തെ എങ്ങനെ സമ്പുഷ്ടീകരിക്കാം എന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി കേരളീയം സുഹൃത്തുക്കളുടെ ഒരു കൂടിച്ചേരൽ ആലുവയിലെ സെന്റ് തോമസ് കപ്പൂച്ചിൻസ് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 2015 ജൂലായ് 11, 12 തീയതികളിൽ നടന്നു. സംവാദത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിഷ്കരണങ്ങൾ അടുത്തലക്കം (2015 സെപ്തംബർ) മുതൽ കേരളീയത്തിൽ പ്രതീക്ഷിക്കുക.

## കേരളീയം 18-ാം വാർഷികം

1998 നവംബറിൽ തൃശൂരിൽ നിന്നും പ്രസിദ്ധീകരണമാരംഭിച്ച കേരളീയം 18-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ആഘോഷങ്ങൾ വിപുലമായ പരിപാടികളോടെ നടത്താൻ ആലോചിക്കുന്നു.

**2015 നവംബർ മുതൽ 2016 ജനുവരി വരെ**

നീണ്ടുനിൽക്കുന്ന വൈവിദ്ധ്യമുള്ള പരിപാടികളിൽ താങ്കളുടെ സഹകരണം പ്രതീക്ഷിക്കുന്നു, നിർദ്ദേശങ്ങളും.

ബന്ധങ്ങൾക്ക്: 9446576943, 9446586943